**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം - അമരമ്പലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ.എ. അബ്ദുൾ ഗഫൂറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.200/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 22.01.2018

================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ 10(എസ് സി 17/2014/എംപിഎം) 7206/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 13.11.2014-ലെ 13283/ഡി3/2014/വിജി. നമ്പർ കത്ത്
3. 18.04.2015-ലെ 1433/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. കെ.എ. അബ്ദുൾ ഗഫൂർ സമർപ്പിച്ച 12.06.2015-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 07.05.2016-ലെ ഡി4-13091/15 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 25.04.2014-ൽ ആകസ്മികാന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതായി കാണാത്ത വാകത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തി നടത്തിയെന്നും, വാകത്തോടിനു മുകളിലായി ആയിഷ ടവർ എന്ന പേരിൽ കെട്ടിട നിർമ്മാണം നടത്തിയതിന് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുൾ ഗഫൂർ അംഗീകാരം നൽകിയെന്നും കണ്ടെത്തുകയുണ്ടായി. തുടർന്ന് ടിയാന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. അബ്ദുൾ ഗഫൂർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

വർഷങ്ങളായി പൂക്കോട്ടുംപാടം എന്ന സ്ഥലത്ത് നിലവിലുള്ളതും അമരമ്പലം ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പുതന്നെ നിലവിലുള്ളതുമായ തോടാണ് വാകത്തോട് എന്നും 2 മീറ്ററിൽ താഴെ വീതിയുള്ള തോടുകളൊന്നും റീസർവ്വേ റെക്കോർഡുകളിൽ രേഖപ്പെടുത്തിക്കാണുന്നില്ലെന്നും ആയതിനാൽ വില്ലേജ് രജിസ്റ്ററിലും ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തപ്പെട്ടിട്ടില്ലെന്നും ശ്രീ. അബ്ദുൾ ഗഫൂർ എതിർവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ടെന്നും, കൂടാതെ പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പ് 1-ാം ഉപവകുപ്പ്

പ്രകാരം ഇത്തരത്തിലുള്ള ഡ്രെയിനേജുകളും തോടുകളും ചാലുകളും പഞ്ചായത്തിൽ നിക്ഷിപ്തമാണെന്നും പൂക്കോട്ടുംപാടം അങ്ങാടിയിലെ മഴവെള്ളം ഒഴുകിയിരുന്ന വാകത്തോട്ടിൽ മണ്ണിടിഞ്ഞ് വെള്ളം കെട്ടി നിൽക്കുകയും അതുവഴി ജലജന്യരോഗങ്ങൾ പടരുകയും ചെയ്യാൻ സാധ്യതയുള്ളതിനാലാണ് ഇരുസൈഡുകളും കരിങ്കല്ലുകൊണ്ട് കെട്ടി അടിഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പദ്ധതി 2013-14 വർഷത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചത് എന്നും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങൾ സംരക്ഷിക്കുക എന്ന അനിവാര്യ ചുമതലയാണ് നിർവ്വഹിച്ചിട്ടുള്ളതായി ടിയാൻ വിശദമാക്കിയിട്ടുണ്ടെന്നും വാകത്തോടിനു മുകളിൽ ആയിഷ ടവർ എന്ന ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത് 2003-04 വർഷത്തിലാണെന്നും ശ്രീ. അബ്ദുൾ ഗഫൂർ 01.11.2011-നു മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ചുമതലയേറ്റെടുത്തിട്ടുള്ളതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിൽ 181/14 നമ്പർ പ്രോജക്ടായി ഭരണാനുമതി നൽകി നിർവ്വഹണം നടത്തി 6,50,000/- രൂപ ചെലവഴിച്ച പദ്ധതിയാണ് വാകത്തോട് പുനരുദ്ധാരണമെന്നും 2 മീറ്ററിൽ താഴെ വീതിയുള്ള ടി തോടിലൂടെയാണ് പൂക്കോട്ടുംപാടം അങ്ങാടിയിലെ മഴവെള്ളം ഒഴുകി കോട്ടപ്പുഴയിൽ ചേരുന്നതെന്നും സ.ഉ.(എം.എസ്) നം.363/2005/തസ്വഭവ തീയതി 02.12.2015 ഉത്തരവും. 58608/ഡിബി2/2009/തസ്വഭവ തീയതി 13.01.2010-ഉം അനുസരിച്ച് പ്രസ്തുത തോട് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായോ പുതുതായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചതായോ കാണുന്നില്ലെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 218 വകുപ്പ്. 1-ാം ഉപവകുപ്പ് പ്രകാരം ഇത്തരത്തിലുള്ള ഡ്രെയിനേജിനുള്ള ചാലുകളും തോടുകളും സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും പൊതുജനാരോഗ്യ സംരക്ഷണത്തിനു വേണ്ടിയാണ് പുനരുദ്ധാരണ പ്രവൃത്തി നടത്തിയത് എന്നതിനാലും പഞ്ചായത്തിൽ നിക്ഷിപ്തമായ ടി തോട് പുനരുദ്ധാരണം നടത്തിയതിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നും എന്നാൽ ടി തോട് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാകത്തോട് പുനരുദ്ധാരണത്തിന് മുമ്പ് 2002-03 വർഷത്തിൽ ആയിഷ ടവർ എന്ന പേരിൽ നിർമ്മിച്ച കെട്ടിടത്തിന് നിർമ്മാണം പരിശോധിക്കാതെ 1-397 എ മുതൽ 1-397 ആർ വരെ 18 കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുള്ളത് സെക്രട്ടറി ശ്രീമതി. രമാദേവിയാണെന്നും, 2003 വർഷത്തിൽ ഇതിനുപുറമേ 11 നമ്പറുകൾ കൂടി അനുവദിച്ചിട്ടുള്ളതായും ടി കെട്ടിട നമ്പറുകൾ അനുവദിച്ചത് ശ്രീ. അബ്ദുൾ ഗഫൂറിന്റെ കാലത്ത് അല്ലാത്തതിനാൽ ടി ആരോപണത്തിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും ഈ സാഹചര്യത്തിൽ ശ്രീ. അബ്ദുൾ ഗഫൂർ സമർപ്പിച്ച എതിർവാദ പത്രിക പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. അബ്ദുൾ ഗഫൂർ സമർപ്പിച്ച പ്രതിവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വാകത്തോട് പുനരുദ്ധാരണം എന്ന പ്രവർത്തി നടത്തിയതിൽ ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നൊരു അപാകത മാത്രമേ കാണുന്നുള്ളൂ.

അതുപോലെതന്നെ വാകത്തോടിന് മുകളിൽ ആയിഷ ടവർ എന്ന പേരിൽ കേട്ടിടം നിർമ്മിച്ചത് ടിയാന്റെ കാലയളവിലല്ല എന്നു കാണുന്നു. ഈ സാഹചര്യത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എ. അബ്ദുൾ ഗഫൂറിന് 'സെൻഷ്വർ' നൽകിക്കൊണ്ടും ആയിഷ ടവറിന് കെട്ടിട നമ്പർ അനുവദിച്ച ബന്ധപ്പെട്ട സെക്രട്ടറി ശ്രീമതി. രമാദേവിക്കെതിരെ ടിയാരി സേവനത്തിൻ നിന്ന് വിരമിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ,**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. കെ. എ. അബ്ദുൾ ഗഫൂർ, മുൻ സെക്രട്ടറി, അമരമ്പലം ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. രമാദേവി, മുൻ സെക്രട്ടറി, അമരമ്പലം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

(10.11.2017-ലെ വിജി.ഡി4/75/2017/വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)

8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/317/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ